നോൺ പ്ലാൻ ചെലവുകൾ

*471 [495] ശ്രീ. പി. ആർ. കുറുപ്പ്:
ശ്രീ. കെ. രാഘവൻ മാസ്റ്റർ:
ശ്രീ. സേവ്യർ അറയ്ക്കൽ:
ശ്രീ. ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978.79 സാമ്പത്തികവർഷത്തിൽ ഇതുവരെയായി നോൺ പ്ലാൻ ചെലവുകൾ കഴിഞ്ഞ സാമ്പത്തികവർഷത്തിലെ ഇതേ കാലയളവിനേക്കാൾ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്;

(ബി) അപ്രകാരം വർദ്ധിച്ചിട്ടുള്ള ഒട്ടാകെ സംഖ്യ എത്രയാണ്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) 1978 ഡിസംബർ അവസാനംവരെയുള്ള ചെലവിന്റെ കണക്കുകളാണ് സംസ്ഥാനഅക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ചിട്ടുള്ളത്. ഈ കണക്കുകൾ കഴിഞ്ഞവർഷത്തെ ഇതേ കാലയളവിലെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നോൺ പ്ലാൻ ചെലവിൽ 8.8 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) 23.33 കോടി രൂപ.

ടൂറിസ്റ്റ് കേന്ദ്രങ്ങൾ

*472 [496] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പ്രദേശത്തെ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ചു വരുന്നമാനദണ്ഡം എന്താണ്;

(ബി) കേരളത്തിൽ എത്ര ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്;

(സി) ഈ വർഷം ഏതെങ്കിലും പ്രദേശം ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) പ്രധാന മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്:

1. ഭൂമിശാസ്ത്രപരമായ കിടപ്പ്.
2. പ്രകൃതി ഭംഗി.
3. കടൽത്തീരം.
4. കായൽത്തീരം.
5. വന്യമൃഗ സങ്കേതം.
6. ചരിത്രപരവും സാംസ്കാരികവും മതപരവുമായ പ്രാധാന്യം.

(ബി) 21 (ഇരുപത്തി ഒന്ന്)

(സി) പുതുതായി കുമരകവും മാമ്പുറവും, കാപ്പാടും ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly